ശ്രീ. എൻ. കുഞ്ഞുരാമൻ: കമ്മിറ്റിയെ നിയമിക്കണമെന്ന് തോന്നുന്ന പക്ഷം ഗവൺമെണ്ടു് ആ കാര്യത്തെപ്പറ്റി ആലോചിക്കുന്നതായിരിക്കും.

ശ്രീ. എ. കെ. ജോർജ്ജു്: തിരുവിതാംകൂറിൽ ഏതെല്ലാ സംഘങ്ങൾ ലിക്വിഡേഷനിൽ ഇരിക്കുന്നു എന്നും കൊച്ചിയിൽ ഏതെല്ലാ സംഘങ്ങൾ ലിക്വിഡേഷനിൽ ഇരിക്കുന്നു എന്നും പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അറിഞ്ഞുകൂടാ.

സാഹിബു് ബഹദൂർ ടി. എ. അബ്ദുള്ള: ബാങ്കിനെ സംബന്ധിച്ചുള്ള അന്വേഷണം തുടങ്ങിട്ടു് എത്ര നാൾ ആയി?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഏതാണ്ടു് മാസങ്ങളായി. ജനറൽ ബാഡ്വി മീറ്റിംഗിൽ ഇതു് അപ്രൂവ് ചെയ്തിട്ടുണ്ടു്. എക്സ്പെർട്ട് അന്വേഷിച്ചുവരികയാണു്.

സാഹിബു് ബഹദൂർ ടി. എ. അബ്ദുള്ള: അന്വേഷിച്ചു തുടങ്ങിയിട്ടു് ഒരുകൊല്ലത്തിനുമേൽ ആയെന്നു അറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ആയിരിക്കും.

സാഹിബു് ബഹദൂർ ടി. എ. അബ്ദുള്ള: രജിസ്ട്രാർ നേരിട്ടു് അന്വേഷിക്കണമെന്നു് ഓർഡർ ഉണ്ടായിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അറിഞ്ഞുകൂടാ. എന്നാൽ ബാങ്കു് പരിശോധിക്കുന്നതിനും വില നിശ്ചയിക്കുന്നതിനും ഒരു എക്സ്പെർട്ടിനെ നിയമിച്ചിരിക്കുകയാണു്.

സാഹിബു് ബഹദൂർ ടി. എ. അബ്ദുള്ള: ആ ബാങ്കിലെ കണക്കുകളെ സംബന്ധിച്ചു് അന്വേഷണം നടത്തിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതും അന്വേഷിക്കാം.

അടുത്ത തെരഞ്ഞെടുപ്പു്

*൫൨൪ (൨൮) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിൽ പുതിയ ഭരണഘടനയനുസരിച്ചുള്ള നിയമസഭാമെമ്പർമാരുടെ തെരഞ്ഞെടുപ്പു എന്നു് നടക്കുവാനാണിടയുള്ളതു്;

(ബി) വോട്ടർമാരുടെ ലിസ്റ്റ് തയ്യാറാക്കി കഴിഞ്ഞോ;

(സി) ഡിലിമിറ്റേഷൻ കമ്മിറ്റി ശുപാർശചെയ്ത നിയോജകമണ്ഡലങ്ങൾ കേന്ദ്രഗവൺമെണ്ടു് അംഗീകരിച്ചുകഴിഞ്ഞോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഫസ്റ്റ് ഓഫ് ഏപ്രിൽ—മേ മാസത്തിൽ.

(ബി) തയ്യാറായി കഴിഞ്ഞു.

(സി) ഇല്ല. അവരുടെ ജോലി മിക്കവാറും പൂർത്തിയാക്കിയിട്ടുണ്ടെന്നാണു് അറിയുന്നതു്.

ഉദ്യോഗസ്ഥന്മാരെക്കുറിച്ചുള്ള അഴിമതിക്കേസുകൾ

*൫൨൫. (൨൯) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) മെ. ജി. ആർ. പിള്ള, ജോസഫ് ജാൺ തുടങ്ങിയ എതാനും ഉദ്യോഗസ്ഥന്മാരുടെ അഴിമതിക്കാര്യത്തെ സ്പർശിക്കുന്ന കേസുകളെക്കുറിച്ചുള്ള അന്വേഷണം പൂർത്തിയായോ ;

(ബി) ആയെങ്കിൽ അവരുടെ പേരിൽ എന്തു ശിക്ഷണനടപടിയാണ് എടുത്തിട്ടുള്ളത് ;

(സി) കേസ്സ് അന്വേഷണത്തിനായി ആരെ ഒക്കെയാണ് നിയമിച്ചിട്ടുള്ളത്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ബഹു. ഹൈക്കോടതി ജഡ്ജി കെ. ശങ്കരനെ നിയമിച്ചിട്ടുണ്ട്.

RADIO CHESTS

*585-A. [35] **Sri. K. Ramachandran :*** Will the Hon'ble Minister for Indusiries be pleased to state.—

(*a*) The number of radio chests manufactured in the Plywood Industries, Punaloor;

(*b*) the number exported ; and

(*c*) the number returned as unfit?

Minister for Industries, Excise and Local Self-Government **(Sri. N. Kunjuraman) :**

(*a*) 7,194.

(*b*) 6,361.

(*c*) 1,894 cabinets were rejected by the firm at Bombay, of which 59 only were returned to Trivandrum. The remaining numbers are being repaired at Bombay.

ஹிந்து தேவஸ்வம் போர்டு அங்கத்தினர் தேர்தலும், ஆசரான அங்கத்தினர்களுக்குப் பிரயாணச்சிலவும்.

*586. (36) ஸ்ரீ. டி. பொன்னையா : கீழ்க்காணும் கேள்விகளுக்குக் கனம் தலைமை மந்திரி விடை பகர்வார்களாக :

எ. 1950 May 11-ம் தியதியில் ஹிந்து தேவஸ்வம்போர்டுக்கு மெம்பர்கள் தேர்தல் நடந்தது தெரியவருமா ?

பி. அன்று ஆஜரான ஹிந்து அங்கத்தினர்களுக்குப் பிரயாணச் செலவு கொடுக்கப்படுமா ? அப்படியானால் bill கொடுத்தும் இதுவரையில் பிரயாணச்செலவு கொடுக்காததின் காரணமென்ன ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) അറിയാം.

(ബി) ചെലവ് ഏതിനത്തിൽ കൊള്ളിക്കണം എന്നതിനെ സംബന്ധിച്ച് ഇൻഡ്യാഗവൺമെണ്ടുമായി കത്തിടപാടുകൾ നടത്തികൊണ്ട് ഇരിക്കുകയാണ്.

ശ്രീ. സി. വി. ഇസ്സു : ഈ ചെലവ് ദേവസ്വം ബോർഡിൽനിന്നും കൊടുക്കേണ്ടതല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിനെ സംബന്ധിച്ച് ദേവസ്വം ബോർഡുമായി എഴുത്തുകുത്തുകൾ നടത്തി. ഒടുവി�ൽ അതു് ഇൻഡ്യാഗവൺമെണ്ടിലേക്ക് എഴുതിയിരിക്കുകയാണ്.

*Answer to this question is laid on the table, the questioner being absent.

LIBRARY ARCHIVES Kerala Legislative Assembly